**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6440          08.11.2016- ൽ മറുപടിക്ക്**

**"ജപ്തി നടപടികളിൽനിന്നും ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകളെ സംരക്ഷിക്കുവാൻ നടപടി"**

**ചോദ്യം**

**ശ്രീ.പി.ഉബൈദുള്ള**

**ഉത്തരം**

**ശ്രീ. പിണറായി വിജയൻ**
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | കേരളത്തിലെ ചെറുകിട ഇടത്തരം വ്യവസായികൾ കേന്ദ്ര ഗവൺമെന്റ് സെക്യൂരിറ്റി ഫണ്ട് വഴി സംരംഭങ്ങൾ തുടങ്ങാനായി പൊതുമേഖലാ ബാങ്കുകളിൽ നിന്നെടുത്ത വായ്പകളിൽ ജപ്തി നടപടികൾ സ്വീകരിച്ചുവരുന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | മൊറട്ടോറിയം കാലാവധി കഴിഞ്ഞ വായ്പകളിൽ കുടിശ്ശികയുള്ള പക്ഷം തുക ഈടാക്കുന്നതിനാവശ്യമായ CGTMSE Claim/റവന്യൂ റിക്കവറി തുടങ്ങിയ നിയമപരമായ നടപടികൾ ബാങ്കുകൾ സ്വീകരിക്കാറുണ്ട്. |
| ബി) | ജപ്തി നടപടികളിൽ മാനുഷികമായ പരിഗണനകൾ നൽകുവാനും തവണകൾ അനുവദിക്കുവാനും ബാങ്കുകൾക്ക് നിർദ്ദേശം നൽകുമോ; | ബി) | റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് മുൻപ് സാദ്ധ്യമായ എല്ലാ പരിഗണനകളും ബാങ്കുകൾ നൽകാറുണ്ട്. വ്യവസായ വകുപ്പിന്റെ ശുപാർശയോട് കൂടി ലഭ്യമായ ബാങ്ക് വായ്പകളിൽ ആവശ്യമായ നിർദ്ദേശങ്ങളും കൈത്താങ്ങ് സഹായവും നൽകാറുണ്ട്. |
| സി) | വ്യവസായമാന്ദ്യം മൂലം ക്ഷീണം സംഭവിച്ച ഇത്തരം ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകളെ സംരക്ഷിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ? | സി) | വ്യവസായ മാന്ദ്യം മൂലം ക്ഷീണം സംഭവിച്ച ഇടത്തരം ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകളെ സംരക്ഷിക്കുവാൻ ബാങ്ക് വായ്പ പുന:ക്രമീകരണം, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**